# കേരള രാജ്യാന്തര ഊർജമേളക്ക് ഇന്ന് സമാപനം

തിരുവനന്തപുരം: എനർജി മാനേജ്മന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന കേരള രാജ്യാന്തര ഊർജമേളയുടെ രണ്ടാം പതിപ്പ് ഇന്ന് സമാപിക്കും. തൈക്കാട് പൊലീസ് ഗ്രൗണ്ടിൽ നടക്കുന്ന ചടങ്ങ് വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ അധ്യക്ഷനാകും. മന്ത്രി വി ശിവൻകുട്ടി മുഖ്യാതിഥിയാകും. ഊർജവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഡയറക്ടർ ടി വി സുഭാഷ്, എനർജി മാനേജ്മെന്റ് സെന്റർ ഫൗണ്ടർ ഡയറക്ടർ പ്രൊഫ. വി കെ ദാമോദരൻ എന്നിവർ സംസാരിക്കും. ഡോ. ആർ ഹരികുമാർ സ്വാഗതവും ദിനേശ് കുമാർ എ എൻ നന്ദിയും പറയും.